# മൗനം എന്ന അതിക്രൂരമായ ഉത്തരം

**കേരളം** പലതരത്തിലുള്ള കുടിയിറക്കലുകൾക്ക് നടുവിലാണിന്ന്. ഏതുപ്രദേശത്തും ജീവിക്കാൻ കഴിയുന്ന സാഹചര്യമുള്ള ലോകത്തിലെ തന്നെ അത്യപൂർവ്വ ഭൂപ്രദേശമായ ഈ നാട്ടിൽ താമസിക്കുന്നവരെ സംബന്ധിച്ച് കുടിയിറക്കപ്പെടുക എന്നത് വളരെ വേദനാജനകമായ കാര്യമാണ്. പക്ഷെ കേരളത്തിൽ ഇപ്പോൾ നടക്കുന്ന കുടിയിറക്കലുകളിൽ വിചിത്രമായ ചില വൈരുദ്ധ്യങ്ങൾ കാണാൻ കഴിയും. നീതിയുടെ പ്രശ്നം എല്ലാ കുടിയിറക്കലിലും അന്തർലീനമായിരിക്കുമ്പോൾ തന്നെയും ചില ഒഴിപ്പിക്കലുകൾക്ക് ഒട്ടും മാനുഷിക പരിഗണന കിട്ടാറില്ല എന്നതാണ് യാഥാർത്ഥ്യം. വികസന പദ്ധതികളുടെപേരിൽ ബലപ്രയോഗത്താൽ നടന്നിട്ടുള്ള അത്തരം നിരവധി കുടിയിറക്കലുകൾ കേരളത്തിന്റെ ചരിത്രത്തിലുടനീളം കാണാം. പ്രത്യേകിച്ച് കേരളം നവലിബറൽ വികസന മാതൃകയെ അന്ധമായി പിൻപറ്റിത്തുടങ്ങിയതിന് ശേഷം തദ്ദേശീയ ജനതയുടെ വിഭവങ്ങൾ കവർന്നെടുത്തും അവരെ കുടിയിറക്കിയുമാണ് നമ്മുടെ 'സ്വപ്നപദ്ധതി'കളെല്ലാം കുടിയിരുത്തപ്പെട്ടിട്ടുള്ളത്. സ്വന്തം മണ്ണിൽ നിന്നും വേരറ്റുപോകാൻ തയ്യാറല്ലാത്ത മനുഷ്യരുടെ പലവിധ പോരാട്ടങ്ങളും ഈ നാളുകളിൽ കേരളം കണ്ടു. ആ പ്രതിഷേധങ്ങളെ നിശബ്ദമാക്കിയാണ് വികസന ബുൾഡോസറുകൾ അതിന്റെ ഇരുമ്പുചക്രങ്ങൾ മുന്നോട്ടെടുത്തത്. നെടുമ്പാശ്ശേരിയിൽ വിമാനത്താവളം നിർമ്മിച്ചപ്പോഴും വല്ലാർപ്പാടത്ത് കണ്ടെയ്നർ ടെർമിനൽ വന്നപ്പോഴും അതാണല്ലോ നടന്നത്. വലിയൊരു പട്ടികയാണത്. അതിനിയും നീളുമെന്ന സൂചനയാണ് കടലാസിലുള്ള പല വികസന പരിപാടികളും നമ്മളോട് പറയുന്നത്.

45 മീറ്ററിൽ ദേശീയപാത വികസിപ്പിക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടാൻ പോകുന്നവർ കേരളത്തിലെമ്പാടും സമരത്തിലാണ്. എന്തുവില നൽകിയും ഹൈവേ 45 മീറ്ററിൽ തന്നെ വികസിപ്പിക്കും എന്ന ഭരണനിലപാടിനു മുന്നിൽ അവരുടെ സമരങ്ങൾ തുടർച്ചയായ തിരിച്ചടി നേരിടുകയാണ്. കുടിയൊഴിപ്പിക്കാൻ ഭൂമിയേറ്റെടുക്കൽ വിജ്ഞാപനവുമായി ഉദ്യോഗസ്ഥർ പലതവണയെത്തി. കൂടെ കേരള പോലീസിന്റെ വൻ സന്നാഹവും. നാട്ടുകാരുടെ സമരവീര്യത്തിന് മുന്നിൽ പലപ്പോഴും അവർ മടങ്ങിപ്പോയി. ചിലയിടങ്ങളിൽ അതിക്രൂരമായി ലാത്തിവീശി പുതിയ സർവ്വേക്കല്ല് താഴ്ത്തി. ഇതേ പോലീസ്സേന തന്നെ പല കുടിയിറക്കലുകളിലും ഇതിലും മാരകമായ രൂപത്തിൽ അവതരിച്ചെത്തുന്നതും നമ്മൾ കണ്ടു. വല്ലാർപ്പാടം ടെർമിനലിലേക്ക് റോഡ് നിർമ്മിക്കുന്നതിന് വേണ്ടി മൂലമ്പിള്ളിക്കാരെ വീട്ടിൽ നിന്നും വലിച്ചിറക്കിയ പോലീസ് ഉദ്യോഗസ്ഥർക്ക് വിശിഷ്ട സേവനത്തിനുള്ള സ്വർണ്ണപ്പതക്കം വരെ അന്ന് സർക്കാർ നൽകിയിരുന്നു. വികസനത്തിന് വേണ്ടി നാട്ടുകാരെ സ്വന്തം മണ്ണിൽ നിന്നും കുടിയിറക്കുക എന്നത് അത്രയും ഉത്തരവാദിത്തമുള്ള ഒരു ജോലിയാണെന്നാണ് ഇതിലൂടെ സർക്കാർ പറഞ്ഞുവയ്ക്കുന്നത്. കുടിയൊഴിപ്പിക്കപ്പെടേണ്ടത് ആദിവാസികളെപ്പോലെ ദുർബലവിഭാഗങ്ങളാണെങ്കിൽ അതിനായി തോക്കുവരെ ഉപയോഗിക്കാം എന്നതും 2003 ഫെബ്രുവരി 19ന് നമ്മൾ മുത്തങ്ങയിൽ കണ്ടതാണ്. വനഭൂമിയുടെ മേലുള്ള തങ്ങളുടെ പരമ്പരാഗത അവകാശത്തെക്കുറിച്ച് ആദിവാസികൾ പറയുന്നതൊന്നും കേരളത്തിലെ രാഷ്ട്രീയ സമൂഹത്തിന് മനസ്സിലാകുന്നതേയുണ്ടായിരുന്നില്ല. സംരക്ഷിത വനപ്രദേശം കയ്യേറിയാൽ എത്ര ബലം പ്രയോഗിച്ചും കുടിയിറക്കാമെന്ന ബോധത്തിലേക്ക് കേരളത്തിലെ മുഖ്യധാരാ മനസ്സുകൾ പോലും അന്ന് എത്തിച്ചേരുകയുണ്ടായല്ലോ. വെടിയുതിർത്തി എന്നതു മാത്രമാണ് പലരും അതിലെ നീതിനിഷേധമായി കണ്ടത്. പരമ്പരാഗത ഭൂമിയിൽ നിന്നും പലവിധ അധിനിവേശങ്ങളാൽ കാലാകാലങ്ങളിൽ കുടിയിറക്കപ്പെട്ട ആദിവാസി ജനതയോട് നമ്മൾ ചെയ്ത നീതിനിഷേധങ്ങൾക്ക് അത്ര പരിഗണന കിട്ടിയില്ല.

ചില കുടിയിറക്കലുകൾ അങ്ങനെയാണ്. പൊതു ആവശ്യങ്ങൾ എന്ന പേരിൽ, സ്വപ്നപദ്ധതികൾ എന്ന പേരിൽ, നിക്ഷേപ സൗഹൃദമെന്ന പേരിൽ, വനപരിപാലനം എന്ന പേരിൽ നീതീകരിക്കപ്പെടുന്ന ഒട്ടേറെ കുടിയിറക്കലുകൾക്ക് കേരളം സാക്ഷ്യം വഹിച്ചിട്ടുണ്ട്. അതേ നാട്ടിൽത്തന്നെയാണ് മരട് നഗരസഭയിൽ തീരദേശപരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച അഞ്ച് ഫ്ളാറ്റുകൾ പൊളിക്കുന്നതിന്റെ ഭാഗമായി അന്തേവാസികൾ ഇപ്പോൾ കുടിയിറക്കപ്പെടുന്നത്. എന്നാൽ ഈ കുടിയിറക്കൽ മുമ്പ് സൂചിപ്പിച്ച കുടിയൊഴിപ്പിക്കലിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. പല നിയമങ്ങളും ലംഘിച്ച്, ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും വിലയ്ക്കെടുത്ത്, കായലും ചതുപ്പും കയ്യേറി, കണ്ടൽക്കാടുകൾ വെട്ടിനിരത്തി പണിത ഈ ഫ്ളാറ്റുകൾ പൊളിക്കണമെന്ന് സുപ്രീംകോടതി കർശനമായി പറഞ്ഞിട്ടും അന്തേവാസികളെയും ഫ്ളാറ്റുടമകളെയും ഏതുവിധത്തിലും സംരക്ഷിക്കുന്നതിനായിരുന്നു ഭരണ-പ്രതിപക്ഷ ഭേദമന്യേ രാഷ്ട്രീയ കക്ഷികളും ഭരണസംവിധാനങ്ങളും നിലകൊണ്ടത്. ഫ്ളാറ്റുടമകളുടെയും അഴിമതിക്കാരായ ഉദ്യോഗസ്ഥരു ടെയും ചതിപ്രയോഗങ്ങളിൽ വീണുപോയവരാകാം ഭൂരിപക്ഷം ഫ്ളാറ്റുടമകളും. എന്നാൽ ഫ്ളാറ്റിൽ താമസി ക്കുന്നു എന്നതുകൊണ്ട് മാത്രം മുകളിൽ മുമ്പ് കുടിയൊഴിപ്പിക്കപ്പെട്ടവരേക്കാൾ മുന്തിയ പരിഗണനകളാണ് ഈ ഉടമകൾക്ക് ലഭിച്ചത്. അവരെ സംരക്ഷിക്കാൻ എല്ലാ പാർട്ടികളുടെയും സംസ്ഥാന നേതൃത്വങ്ങൾ ഓടിയെത്തി. സർവ്വകക്ഷിയോഗം വരെ അടിയന്തിരമായി വിളിച്ചുചേർക്കപ്പെട്ടു. ഫ്ളാറ്റ് പൊളിക്കാൻ വിധി പുറപ്പെടുവിച്ച സുപ്രീംകോടതി വരെ അന്തംവിട്ട് ഒടുവിൽ ചീഫ് സെക്രട്ടറിയെ നേരിൽ വിളിപ്പിച്ചു. കോടതിയിൽ വച്ച് ജഡ്ജിമാർ ചോദിച്ച ചോദ്യങ്ങൾക്ക് ചീഫ് സെക്രട്ടറി ടോം ജോസിന് ഒറ്റ മറുപടി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഉത്തരം: (മൗനം).... അതിൽ ഒരു ചോദ്യം ഇതായിരുന്നു. "കേരളത്തിലെ പ്രളയത്തിൽ എത്ര പേരാണ് മരിച്ചത് എന്ന് നിങ്ങൾക്കറിയാമോ?" ഉത്തരം: (മൗനം).... അതെ, സർക്കാരിനെ പ്രതിനിധീകരിച്ച് കോടതിയിൽ എത്തിയ നമ്മുടെ ചീഫ് സെക്രട്ടറിക്ക് ഒന്നിനും ഉത്തരം പറയാനുണ്ടായിരുന്നില്ല. കോടതി നിയമമാണല്ലോ പരിഗണിക്കുന്നത്. നിയമാനുസൃതമായി ഒന്നും പറയാനില്ലാത്തപ്പോൾ പിന്നെ മൗനം മാത്രമാണ് നാണംകെട്ട ഉത്തരം. ഈ മൗനം നീതിനിഷേധിക്കപ്പെട്ട ഒരുപാടുപേരുടെ ചോദ്യങ്ങളോടുള്ള ഭരണകൂടത്തിന്റെ മൗനമാണ്. നിയമലംഘകർക്ക് കൂടുതൽ പരിഗണന കിട്ടുന്ന നമ്മുടെ ജനാധിപത്യ ജീർണ്ണതയുടെ മൗനമാണ്. എന്നാണ് ഇവരെക്കൊണ്ട് മര്യാദയ്ക്ക് ഒരുത്തരം പറയിക്കാൻ നമുക്ക് കഴിയുന്നത്? ■